775
14/12/18

# ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നം. ഇ1/161/2018/ഐ&പി.ആർ.

തിരുവനന്തപുരം, തീയതി: 10.12.2018

## പരിപത്രം

വിഷയം: ഐ&പി.ആർ.ഡി. - വകുപ്പിന്റെ ന്യൂസ് ക്ലിപ്പിംഗ് പദ്ധതിയുടെ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

വികസന വാർത്തകളുടെ വീഡിയോ ദൃശ്യങ്ങൾ മാധ്യമങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ന്യൂസ് ക്ലിപ്പിംഗ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്.

(എ) ഓരോ ദിവസവും ജില്ലയിൽ നടക്കുന്ന പരാപാടുകളുടെ വീഡിയോ ദൃശ്യം കവറേജ് കഴിഞ്ഞാലുടനെതന്നെ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

(ബി) വീഡിയോ ക്ലിപ്പിംഗുകളുടെ ഉള്ളടക്കം പരിശോധിച്ച് ദൈനംദിനം അപ് ലോഡ് ചെയ്യേണ്ട ചുമതല അതാതു ഓഫീസുകളിലെ ഏതെങ്കിലും രണ്ട് ഉദ്യോഗസ്ഥർക്ക് നൽകിക്കൊണ്ട് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ ഓഫീസ് ഉത്തരവ് നൽകേണ്ടതാണ്.

സി) ഓരോ ദിവസവും നടത്തിയ വീഡിയോ കവറേജിന്റെ വിശദാംശങ്ങൾ വകുപ്പിന്റെ ബന്ധപ്പെട്ട വാട്ട്സാപ്പ് ഗ്രൂപ്പിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ പോസ്റ്റ് ചെയ്യേണ്ടതാണ്.

(ഡി) എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പായി മുൻമാസം നടത്തിയ വീഡിയോ കവറേജിന്റെ സംക്ഷിപ്ത വിവരങ്ങൾ ഉൾപ്പെടുന്ന നിശ്ചിത പ്രൊഫോർമയിലുള്ള ഒരു റിപ്പോർട്ട് അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി), ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ), കോ-ഓർഡിനേറ്റിംഗ് ന്യൂസ് എഡിറ്റർ എന്നിവരുടെ ഇ-മെയിലിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ കൃത്യമായി അയയ്ക്കേണ്ടതാണ്.

**സുഭാഷ് റ്റി.വി.**
ഡയറക്ടർ (I&PRD)

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും.
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (CNE), പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ